# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 305 | 30/11/2015 ൽ മറുപടിക്ക് |
|---|---|

## ബാർ കോഴ കേസിലെ വിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരത്തെ വിജിലൻസ് സ്പെഷ്യൽ കോടതി വിധി പ്രസ്താവം എന്തായിരുന്നു ; വിശദമാക്കുമോ ; | (എ) | ബാർ കോഴ കേസ്സിൽ ബഹു. തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി തുടരന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നു. |
| (ബി) | വിധിക്കെതിരെ ഹൈക്കോടതിയിൽ ഹർജി നൽകുകയുണ്ടായോ; ഹർജിയിലെ ആവശ്യം എന്തായിരുന്നു എന്നു വിശദമാക്കുമോ; | (ബി) | പ്രസ്തുത കീഴ് കോടതി വിധി വിജിലൻസ് ഡയറക്ടറുടെ നിലവിലുള്ള കേസ്സുകളുടെ അന്വേഷണത്തിലുള്ള അധികാരം ഇല്ലാതാക്കുന്ന വിധത്തിൽ ആയിരുന്നതിനാൽ ഇതിനെതിരെയാണ് വിജിലൻസ് ഡയറക്ടർ സർക്കാർ അനുമതിയോടെ റിട്ട് ഹർജി ഫയൽ ചെയ്തത്. |
| (സി) | ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി അഡ്വ.കപിൽ സിബൽ ഹാജരാവുകയുണ്ടായോ; അതിനായി എന്തു തുക ചെലവ് വരുമെന്ന് അറിയിക്കുമോ; | (സി) | ഹാജരായി. ഫീസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. |
| (ഡി) | ഹൈക്കോടതി ഈ കേസിൽ നടത്തിയ വിധി പ്രസ്താവം എന്തായിരുന്നു; വിശദമാക്കുമോ; ഹൈക്കോടതി വിധിയിലെ ഏതെങ്കിലും പരാമർശത്തിനെതിരെ സുപ്രീംകോടതിയെ സമീപിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | (ഡി) | വിധിയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു. വിജിലൻസ് ഡയറക്ടർക്ക്, വിജിലൻസ് മാനുവലും ബന്ധപ്പെട്ട നിയമങ്ങളും അനുസരിച്ച് അധികാരങ്ങൾ നിലനിർത്തുവാനാണ് വിധിയിലൂടെ ബഹു.ഹൈക്കോടതി ഉത്തരവിട്ടത്. കൂടാതെ ടി കേസിൽ പുറത്തുനിന്നും നിയമോപദേശം തേടിയതിൽ അപാകതയില്ല എന്ന് അഭിപ്രായപ്പെട്ടിരിക്കുക യാണ്. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ തുടരന്വേഷണ ഉത്തരവ് ശരിവച്ചു. സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ